**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നം: 450**

**29/06/2012 ൽ**
**മറുപടിക്ക്**

## ഡോ:സുകുമാർ അഴീക്കോടിന് സ്മാരകം

**ചോദ്യം**

**മറുപടി**

ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. കെ.വി.അബ്ദുൾ ഖാദർ

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സാംസ്കാരിക നായകനായിരുന്ന അന്തരിച്ച ഡോ:സുകുമാർ അഴീക്കോടിന്റെ സ്മരണയ്ക്ക് സമുചിതമായ സ്മാരകം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) | നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സ്മാരകം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ? | (ബി) | യശശരീരനായ ഡോ:സുകുമാർ അഴീക്കോടിന്റെ തൃശ്ശൂർ ജില്ലയിലെ നടത്തറ പഞ്ചായത്തിൽപ്പെട്ട എരവിമംഗലത്തുളള വസതിയും 14 സെന്റോളം വരുന്ന പുരയിടവും അടങ്ങുന്ന സ്ഥാവരജംഗമ വസ്തുക്കൾ സർക്കാർ ഏറ്റെടുത്ത് സ്മാരകമായി സംരക്ഷിക്കുന്നതിന് അദ്ദേഹത്തിന്റെ നിയമപരമായ അവകാശികളുമായി ആലോചിച്ച് നടപടി സ്വീകരിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സ്ഥാവരജംഗമ വസ്തുക്കൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിയമപരമായ അവകാശികൾ തമ്മിൽ തർക്കം നിലനിൽക്കുന്നതിനാൽ ഏറ്റെടുക്കൽ സുഗമമാവില്ലെന്ന് കളക്ടർ അറിയിച്ചിട്ടുണ്ട്. ഇതേതുടർന്ന് സ്ഥലം എം.പി, എം.എൽ.എ. എന്നിവരുമായി കൂടിയാലോചിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ